"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2024-25 ബജറ്റ് എസ്റ്റിമേറ്റ് - ഇരിങ്ങാലക്കുട മണ്ഡലം - പച്ചക്കുട പദ്ധതി - വെള്ളാനി-പുളിയംപാടം സമഗ്ര കാർഷിക വികസന പദ്ധതി പ്രവർത്തനങ്ങൾ - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.298/2025/AGRI തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 05.03.2025-ലെ ADFW/9901/2023-TP2 നമ്പർ കത്ത്.
2. സ. ഉ. (സാധാ) നം. 2856/2025/ധന, തീയതി 22.03.2025

**<u>ഉത്തരവ്</u>**

ഇരിങ്ങാലക്കുട മണ്ഡലത്തിലെ സമഗ്ര വികസന പരിപാടിയായ പച്ചക്കുട പദ്ധതിയിൽ ഉൾപ്പെട്ട വെള്ളാനി-പുളിയംപാടം സമഗ്ര കാർഷിക വികസന പദ്ധതി പ്രവർത്തനങ്ങൾക്കായി 2024-25 വർഷത്തിലെ മരാമത്തുപണികളുടെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ക്രമ നമ്പർ 2564 ആയി 300 ലക്ഷം അടങ്കൽ തുകയായും 60 ലക്ഷം രൂപ ബഡ്ജറ്റ് വകയിരുത്തലായും അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, ടി പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമാക്കുന്നതിനും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ബഡ്ജറ്റ് ശീർഷകങ്ങളിൽ നിർമാണ സംബന്ധമായ സമാനമായ മേഖലയുടെ ക്യാപിറ്റൽ ശീർഷകം നിലവിൽ ലഭ്യമല്ലാത്തതിനാൽ, പുതിയ ശീർഷകം കൂടി അനുവദിക്കുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2024-25 വർഷത്തിലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ) ക്രമ നമ്പർ 2564 ആയി ഉൾപ്പെട്ട ഇരിങ്ങാലക്കുട മണ്ഡലത്തിലെ വെള്ളാനി-പുളിയംപാടം സമഗ്ര കാർഷിക വികസന പദ്ധതി എന്ന പ്രവൃത്തിയ്ക്ക് പരാമർശം (2) പ്രകാരം അനുവദിച്ച 4401-00-800-93-00-PV എന്ന ശീർഷകത്തിൽ 3 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർഖാൻ.എസ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ ) കേരള, തിരുവനന്തപുരം
ധനകാര്യ (അഗ്രി-എ) വകുപ്പ് (അനൗ. ക്ര. 3069155/Agri-A1/44/2025-FIN, 25.03.2025 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (AGRI-PB2/39/2025 Part 1)

ഉത്തരവിൻ പ്രകാരം

Signed by
Nisha T K
Date: 26-03-2025 13:25:30
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്
ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പി.എസ്